ശ്രീ. കെ. സി. ജോർജ്ജ് : ഉണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : 'എ' പാർട്ടിക്ക് ഒരു വലിയ പണക്കിഴി കിട്ടിയനിലയ്ക്ക് 'എ' പാർട്ടിയുടെ വക്കീൽഫീസ് ഗവണ്മെൻറ് കൊടുക്കേണ്ട കാര്യമുണ്ടോ ?

ശ്രീ. കെ. സി. ജോർജ്ജ് : പണക്കിഴി കിട്ടിയകാര്യമൊന്നും ഗവണ്മെൻറിനറിവില്ല.

ശ്രീ. കെ. എം. ജോർജ്ജ് : ഫോളിഡോൾപായിസൺ എൻ കായറിക്ക് 'എ' പാർട്ടിയുടെ വക്കീലിനു ഫീസുകൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. സി. ജോർജ്ജ് : എനിക്കറിഞ്ഞുകൂടാ.

ഗിരിവർഗ്ഗക്കാർക്കു കെട്ടിയിട്ടുള്ള പ്രത്യേക സ്കൂളുകൾ.

*1565. [27] ശ്രീ. മധുര : താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗിരിവർഗ്ഗക്കാരുടെ കുട്ടികളെ പഠിപ്പിക്കുന്നതിനായി സംസ്ഥാനത്തു പ്രത്യേക സ്കൂളുകൾ കെട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ; എവിടെയെല്ലാം ;

(സി) അതിൽ പഠിക്കുന്ന കുട്ടികൾ ആകെ എത്ര ?

തദ്ദേശസ്വയം ഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ) :

(എ) ഉണ്ട്.

(ബി) എൺപത്തു സ്കൂളുകൾ. ഈ സ്കൂളുകൾ എവിടെയെല്ലാം സ്ഥാപിച്ചിരിക്കുന്നു എന്നതിൻെറ വിവരം കാണിക്കുന്ന ഒരു പട്ടിക † മേശപ്പുറത്തു് വച്ചിട്ടുണ്ടു്;

(സി) ഏകദേശം 5300 കുട്ടികൾ ഈ സ്കൂളുകളിൽ പഠിക്കുന്നുണ്ടു്.

ശ്രീ. കെ. എം. ജോർജ്ജ് : ഈ സ്കൂളുകൾക്കു് കേന്ദ്രഗവണ്മെൻറിൻെറ സഹായമുണ്ടോ ?

ശ്രീ. പി. കെ. ചാത്തൻ : കേന്ദ്ര ഗവണ്മെൻറ് നൽകുന്ന സഹായം ഈ സ്കൂളുകൾക്കുമാത്രമായിട്ടുള്ളതല്ല. ഗിരിവർഗ്ഗക്കാരുടെ സ്കൂളുകൾക്കും ഹരിജനങ്ങൾക്കുള്ള സ്കൂളുകൾക്കും സെൻട്രലി സ്പോൺസേർഡ് സ്കീമിൽപെട്ടതാണെങ്കിൽ 100 ശതമാനവും ഗ്രാൻറ് ഇൻ എയിഡ് സ്കീമിലോതാണെങ്കിൽ 50 ശതമാനവും സഹായം കേന്ദ്രത്തിൽ നിന്നും കിട്ടും.

ശ്രീ. പി. ടി. ചാക്കോ : ഗിരിവർഗ്ഗക്കാരുടെ സ്കൂളുകളിൽ അദ്ധ്യാപകന്മാരെ നിയമിക്കുന്നതാരാണു് ?

ശ്രീ. പി. കെ. ചാത്തൻ : ഇതുവരെ നിയമിച്ചിരുന്നതു് ഡിപ്പാർട്ടുമെൻറ് തന്നെയാണു്. അവരുടെ ചെലവു് കണ്ടിജൻസിയിൽ നിന്നായിരുന്നു വഹിച്ചിരുന്നതു്. എന്നാൽ ഇപ്പോൾ അതു് സാധാരണ നിലയിലാക്കണമെന്നു തീരുമാനിച്ചിട്ടുണ്ടു്. അതുകൊണ്ടു് മേലാലുള്ള നിയമനങ്ങൾ പി. എസ്. സി. മുഖേനയായിരിക്കും.

ശ്രീ. പി. ടി. ചാക്കോ ; ഈ സ്കൂളുകളിൽ മറ്റു സ്കൂളുകളിലെ അദ്ധ്യാപകന്മാരായി ഇരിക്കുവാൻ യോഗ്യതയില്ലാത്ത എത്രപേരെ നിയമിച്ചിട്ടുണ്ടു് ?

† Please see Appendix I.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ചാത്തൻ : മുമ്പ് എസ്. എസ്. എൽ. സി. പാസ്സായ ആളുകളെയാണ് നിയമിച്ചിരിക്കുന്നത്. എന്നാൽ ഇപ്പോൾ, ശരിയായ കപ്പാസിറ്റിക്കേഷൻ അനുസരിച്ച് പി. എസ്. സി. നിയമനം നടത്തേണ്ടതുണ്ട്.

ശ്രീ. പി. റ്റി. ചാക്കോ : അദ്ധ്യാപകന്മാരാകുവാൻ യോഗ്യതയില്ലാത്ത ആളുകളെ ഗിരിവർഗ്ഗക്കാരുടെ സ്കൂളുകളിൽ നിയമിച്ചതും, യോഗ്യതയുള്ള ആളുകൾ പുറമെ ഉണ്ടായിരിക്കേ അവരെ പരിഗണിക്കാതിരുന്നതും, ഗിരിവർഗ്ഗക്കാരുടെ ഇടയിൽ ഒരു പ്രത്യേക വിഭാഗം ആളുകളെ നിയമിക്കാൻ ആയിരുന്നില്ലെ ?

ശ്രീ. പി. കെ. ചാത്തൻ : മുഴുവൻ യോഗ്യതയുള്ള ആളുകൾ വേണ്ടുവോളം ഗിരിവർഗ്ഗക്കാരുടെയിടയിൽ ഉണ്ടായിരുന്നില്ല. ഇപ്പോൾ നിയമിക്കപ്പെട്ടിട്ടുള്ള ആളുകൾക്ക് ടി. ടി. സി. യോഗ്യത കാണുകയില്ലായിരിക്കാം; എന്നല്ലാതെ മറ്റു യോഗ്യതകളെല്ലാമുണ്ട്.

ശ്രീ. പി. റ്റി. ചാക്കോ : അദ്ധ്യാപകവൃത്തിക്ക് യോഗ്യതയുള്ള ആളുകളുണ്ടായിരിക്കേ ഈ സ്കൂളുകളിൽ യോഗ്യതയില്ലാത്തവരെ എന്തുകൊണ്ട് നിയമിച്ചു എന്നാണ് എന്റെ ചോദ്യം ?

ശ്രീ. പി. കെ. ചാത്തൻ : ഈ സ്കൂളുകൾ മുമ്പ് ചില മാനേജ്മെന്റുകളാണ് നടത്തിയിരുന്നത്; എന്നാൽ അവയിൽ ഏതാനും സ്കൂളുകൾ ഗവണ്മെന്റ് ഏറ്റെടുത്തപ്പോൾ അവിടെ നിയമിച്ചിട്ടുള്ള അദ്ധ്യാപകന്മാരോടുകൂടിയാണ് എടുത്തിട്ടുള്ളത്. പുതിയ സ്കൂളുകളിൽ മാത്രമേ പുതിയ അദ്ധ്യാപകന്മാരെ നിയമിച്ചിട്ടുള്ളൂ. അല്ലാതെ സാവ്വത്രികമായി ഈ സ്കൂളുകളിൽ ഗവണ്മെന്റ് നിയമനങ്ങൾ നടത്തിയിട്ടില്ല.

ശ്രീ. പി. റ്റി. ചാക്കോ : ഗവണ്മെന്റ് പുതുതായി നിയമിച്ച അദ്ധ്യാപകന്മാർ എത്ര പേരുണ്ട് ? അതിൽ യോഗ്യതയുള്ളവർ എത്രപേരുണ്ട് ?

ശ്രീ. പി. കെ. ചാത്തൻ : കഴിഞ്ഞകൊല്ലം മാത്രമാണ് ഈ സ്കൂളുകൾ ഏറ്റെടുത്തത്. ഇനി എടുക്കണ്ടാ എന്നു വച്ചിട്ടുണ്ട്. അതുകൊണ്ട് പലരേയും എടുത്തിട്ടില്ല. മുഴുക്കെ ചിലയാളുകളെ മാത്രമേ എടുത്തിട്ടുള്ളൂ.

ശ്രീ. പി. റ്റി. ചാക്കോ : കഴിഞ്ഞ സ്കൂൾവർഷം എത്ര അദ്ധ്യാപകന്മാരെ പുതുതായി നിയമിച്ചിട്ടുണ്ട്, അതിലെത്രപേർ യോഗ്യതയുള്ളവർ ഉണ്ട്, എന്നാണ് എന്റെ ചോദ്യം ?

Mr. Speaker : Mr. Chacko, others also must be given a chance.

Shri P. T. Chacko : I have no objection in others being allowed to ask. Well, I do not ask.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: കഴിഞ്ഞകൊല്ലം മാത്രമാണോ, ഗിരിവർഗ്ഗക്കാരുടെ സ്കൂളുകളിലേയ്ക്ക് അദ്ധ്യാപകരെ നിയമിച്ചിട്ടുള്ളത് ? ഈ ഗവണ്മെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ് ഗവണ്മെന്റ് ഏറ്റെടുത്തിട്ടുള്ള സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിച്ചിട്ടില്ലെ ?

ശ്രീ. പി. കെ. ചാത്തൻ : ഉണ്ട്. അ അദ്ധ്യാപകന്മാരേയും, സ്കൂളുകൾ ഏറ്റെടുത്തതോടൊപ്പം എടുത്തിട്ടുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അന്ന് സ്കൂൾ ഫൈനൽ ക്ലാസ്സുപോലും പാസ്സാകാത്ത ആളുകളെയാണ് അദ്ധ്യാപകരായിട്ട് നിയമിച്ചിട്ടുള്ളതെന്ന് അറിയാമോ ?

ശ്രീ. പി. കെ. ചാത്തൻ : അത്തരത്തിലുള്ള അദ്ധ്യാപകരേയും നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോപ്പിൽ രാമചന്ദ്രൻപിള്ള : ഗിരിവർഗ്ഗക്കാരുടെ സ്കൂളുകളിൽ നിയമിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകന്മാരിൽ പരീക്ഷായോഗ്യതയില്ലാത്തവർ എത്ര പേരുണ്ടെന്നും ഗവണ്മെന്റ് അന്വേഷിക്കുമോ ?

ശ്രീ. പി. കെ. ചാത്തൻ : ആ വകയ്ക്കുള്ള ലിസ്റ്റ് ഇപ്പോൾ പി. എസ്. സി. യുടെ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. പി. ടി. ചാക്കോ : കഴിഞ്ഞകൊല്ലം ഈ സ്കൂളുകളിൽ അദ്ധ്യാപകവൃത്തിക്ക് യോഗ്യതയില്ലാത്തവരെക്കൂടി നിയമിച്ചിട്ടുണ്ടെന്നു അറിയാമോ ; അതിനുള്ള കാരണമെന്താണ് ?

മി : സ്പീക്കർ : അതു് പലപ്രാവശ്യം പറഞ്ഞുകഴിഞ്ഞു.

ശ്രീ. പി. ടി. ചാക്കോ . പറഞ്ഞ ഉത്തരത്തിന്റെ അടിയിൽ ഗവണ്മെന്റ് പുതുതായി അദ്ധ്യാപകന്മാരെ നിയമിച്ചിട്ടുണ്ടെന്നു പറഞ്ഞു. അങ്ങനെ നിയമിക്കപ്പെട്ടിട്ടുള്ളവരിൽ യോഗ്യതയില്ലാത്തവരുണ്ടെങ്കിൽ അതിനെന്താണ് കാരണം എന്നു അറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ : അതിനുള്ള ഉത്തരവും പറഞ്ഞുകഴിഞ്ഞു. കണ്ടിജൻസി എർപ്പാടിലാണ് അവ നിയമനങ്ങൾ നടത്തിയിട്ടുള്ളതു്. എന്നാൽ ഇപ്പോൾ അതു് വേണ്ടെന്നു വച്ചിട്ടുണ്ട് എന്നു പറഞ്ഞല്ലോ.

ശ്രീ. പി. ടി. ചാക്കോ : അതു ഉത്തരം ഗുരുതരമാണെന്നു് അങ്ങയ്ക്കുതോന്നുന്നപക്ഷം എനിക്കു വിരോധമില്ല. യോഗ്യതയുള്ളവർ ഉള്ളപ്പോൾ എന്താണ് അവരെ നിയമിക്കാത്തതു് എന്ന എന്റെ ചോദ്യത്തിനു് ഉത്തരം പറഞ്ഞിട്ടില്ല.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ഇവരുടെ യോഗ്യത എന്താണ് ?

ശ്രീ. പി. കെ. ചാത്തൻ : എസ്. എസ്. എൽ. സി. പാസാകണം.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : പയൽ സ്കൂളുകളിൽ മാത്രമല്ലാ, പല സഹകാര്യവിദ്യാലയങ്ങളിലും ഈ യോഗ്യതപോലുമില്ലാത്ത അദ്ധ്യാപകന്മാരെ, ടി. ടി. സി. പാസാകാത്തവരെ, ഇന്നും നിയമിച്ചു വരുന്നതായി അറിയാമോ :

ശ്രീ. പി. കെ. ചാത്തൻ : അതിനെപ്പറ്റി എനിക്കു് നല്ല നിശ്ചയമില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഇതുപോലെ ഒപ്പിച്ചുണ്ടാക്കിയ നിലക്കു് ഇപ്പോൾ അദ്ധ്യാപകരായിരിക്കുന്നവരെ തെയിനിംഗിനയക്കാൻ ഏർപ്പാടു ചെയ്യുമോ ?

ശ്രീ. പി. കെ. ചാത്തൻ : അങ്ങനെ ചെയ്തുകൊണ്ടിരിക്കുന്നുണ്ടു്.

ശ്രീ. കെ. എ. ബാലൻ : ഈ സ്കൂളുകൾ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണോ പ്രവർത്തിക്കുന്നതു് ?

ശ്രീ. പി. കെ. ചാത്തൻ : അല്ല. ഹരിജന ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണ്.

ശ്രീ. ആർ. സുശീലൻ : ഈ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കു് ഉടുക്കുവാനുള്ള തുണി കൊടുത്തുവരുന്നുണ്ടോ ?

Mr. Speaker : That question does not arise.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[Please see answer to question No. * 1565 (27)]

അവ താഴെ പറയുന്ന സ്ഥലങ്ങളിലാണ്.

1 ടൈബൽസ്കൂൾ, കുട്ടമല
2 ,, ചെറുകോട്ട്
3 ,, മീനാങ്കൽ
4 ,, തേവിയാരുകുന്ന്
5 ,, മേത്തോട്ടി
6 ,, ചെട്ടിയാമ്പാറ
7 ,, ഇടിഞ്ഞാർ
8 ,, തലത്തൂത്തു് കാവു്
9 ,, പെരിങ്ങാറമ്മൂല
10 ,, മങ്കോട്ട്
11 ,, മുണ്ടാല
12 ,, താന്നിമൂട്ട്
13 ,, കട്ടമീൻചിറ
14 ,, പങ്കുവ
15 ,, അരയഞ്ഞിലിമണ്ണ്
16 ,, വടശ്ശേരിക്കര
17 ,, ഇടപ്പന
18 ,, കുടമുരുട്ടി
19 ,, കുട്ടച്ചിറ
20 ,, കുടമങ്കോട്ട്
21 ,, വിള്ളുമല
22 ,, കോസടി
23 ,, ഇമരമ്പാറ
24 ,, അഴുത
25 ,, ഇരുമഠം
26 ,, കുമിളി
27 ,, ചീന്തലാർ
28 ,, വഞ്ചിവയൽ
29 ,, കണ്ണമ്പാടി
30 ,, കാഞ്ചിയാർ
31 ,, ശാന്തൻപാറ
32 ,, മുരുക്കാട്ടുകുടി
33 ,, കുട്ടപ്പന
34 ,, അട്ടപ്പാറ
35 ,, തോപ്രാൻകുടി
36 ,, വാത്തിക്കുടി
37 ,, പണിക്കൻകുടി
38 ,, ബയിസൺവാലി
39 ,, ഇരുനൂറുപാലം
40 ,, ചാട്ടപ്പാറ
41 ,, പെട്ടിമുടി
42 ,, ചിന്നാർ
43 ,, പാൺഞ്ചേരി
44 ടൈബൽസ്കൂൾ, വെള്ളിക്കുളങ്ങര
4 ,, വെറ്റിലപ്പാറ
46 ,, കരിക്കടവു്
47 ,, എച്ചിപ്പാറ
48 ,, കക്കിനിക്കാട്ട്
49 ,, മുള്ളരിങ്ങാട്ട്
50 ,, നളിയാനി
51 ,, അരക്കുളം
52 ,, പാത്തിപ്പള്ളി
53 ,, പൂമല
54 ,, വലിയകണ്ടം
55 ,, കാരിക്കോട്ട്
56 ,, മണിയാരംകുടി
57 ,, മട്ടത്തുകാട്ട്
58 ,, ക്രകം പാളയം
59 ,, ഷോളയൂർ
60 ,, പൊള്ളാർ
61 ,, കുളിക്കുർ
62 ,, കാവുണ്ടിക്കൽ
63 റസിഡൻഷ്യൽ ബേസിക്കു് സ്കൂൾ, അഞ്ചുക്കുന്ന്
64 ,, മാനന്തോടി
65 ,, തലപ്പായ
66 ,, ചെമ്പുക്കാവു
67 ,, മോഴക്കുന്ന്
68 ,, അരളം
69 ,, മുരിങ്ങോടി
70 ,, പടിയൂർ
71 നാൺറസിഡൻഷ്യൽ ബേസിക്കു സ്കൂൾ, വയത്തൂർ
72 ,, പരിക്കലം
73 റസിഡൻഷ്യൽ സ്കൂൾ, വയത്തിരി
74 ,, കൽപേട്ട
75 ,, കണിയാമ്പേട്ട
76 ,, സുൽത്താൻബത്തേരി
77 ,, ചിങ്ങേലത്തു
78 ,, നിലമ്പൂർ
79 നാൺ റസിഡൻഷ്യൽ സ്കൂൾ, ഇടുക്കി
80 ,, മൂത്തേടം

LIBRARY ARCHIVES Kerala Legislative Assembly